13110
8/12/14

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ കരാർ നിയമനം ലഭിച്ച ശ്രീ.എൻ.സുകുമാരന്റെ സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ)നം.699/2014/സാനീവ തീയതി, തിരുവനന്തപുരം 27.11.2014.

==========================================================================================

പരാമർശം : 1. സ.ഉ.(സാധാ)നം. 86/2014/സാനീവ തീയതി 03.02.2014.

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.04.2014 ലെ 5637/എ 1/13/കെ.എസ്.എസ്.എം നമ്പർ കത്ത്.

## ഉത്തരവ്

പൊതുഭരണ വകുപ്പിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ശ്രീ.എൻ.സുകുമാരനെ കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പരാമർശം ഒന്ന് പ്രകാരം നിയമിക്കുകയുണ്ടായി. 04.02.2014 മുതൽ ചുമതലയിൽ പ്രവേശിച്ച ടിയാന്റെ സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (2) പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം (1) പ്രകാരം നിയമനം ലഭിച്ച ശ്രീ. എൻ.സുകുമാരന്റെ സേവന വേതന വ്യവസ്ഥകൾ താഴെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീ. എൻ.സുകുമാരന്റെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ നിയമനം കരാറടിസ്ഥാനത്തിൽ ആദ്യ ഒരു വർഷത്തേയ്ക്ക് നിജപ്പെടുത്തി സഞ്ചിത വേതനമായി പ്രതിമാസം 45,000/- രൂപയും (നാൽപ്പത്തിയയ്യായിരം രൂപ മാത്രം) ഔദ്യോഗിക യാത്രകൾക്ക് ഗ്രേഡ് 1 ഓഫീസറുടെ പദവിയും അനുവദിക്കുന്നു. കൂടാതെ അവധി സംബന്ധിച്ച വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

(a) മാസത്തിൽ 1 C/L എന്ന നിരക്കിൽ അവധി ദിവസങ്ങൾ ഉൾപ്പെടെ ഒരു ഘട്ടത്തിൽ പരമാവധി 7 ദിവസത്തേയ്ക്ക് എന്ന നിബന്ധനയിൽ ഒരു വർഷം പരമാവധി 12 C/L ന് ടിയാൻ അർഹനാണ്.

(b)ഡ്യൂട്ടിയിൽ ചെലവഴിച്ച കാലയളവിന്റെ 1/11 കണക്കാക്കി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ഒരു വർഷത്തിൽ പരമാവധി 15 ദിവസത്തെ ആർജ്ജിതാവധിക്ക് അർഹനാണ്. ആർജ്ജിതാവധി തീരുന്ന പക്ഷം ആർജ്ജിതാവധി/അർദ്ധവേതനാവധി ഉൾപ്പെടെ ഒരു മാസം കവിയാൻ പാടില്ലെന്ന നിബന്ധനയിൽ പരമാവധി 15 ദിവസത്തെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ഉള്ള അർദ്ധവേതനാവധിയും അനുവദിക്കുന്നു.

3.കേരള സാമൂഹ്യ സുരക്ഷാ മിഷൻ ശ്രീ. എൻ.സുകുമാരനുമായി നിയമനം സംബന്ധിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതുമാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**എൽ.എ. ഗ്രിഗോറിയസ്**

ഡെപ്യൂട്ടി സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

ശ്രീ. എൻ. സുകുമാരൻ,VIII/32, പാൽക്കുളങ്ങര, പനപന്തൽ റോഡ്, പുതുപര്യാരം പി.ഒ., പാലക്കാട് 678731.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (U.O. No. 890/WW1/14/Fin തീയതി 04.07.2014 ഉം U.O.No. 78578/WW1/14/Fin തീയതി 06.11.2014 പ്രകാരവും)

✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ